I/505877/2023

"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

**ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവിൽ: ജാസ്മിൻ ബി, കെ എ എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - പൊതുസ്ഥലം മാറ്റം 2023 - ശ്രീ.രാജീവ്.എ, സ്റ്റോർ അറ്റൻഡറിന് അനുവദിച്ച സ്ഥലം മാറ്റം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:- 1. 27.07.2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

2. ചന്ദനത്തോപ്പ് ഐ.ടി.ഐ.പ്രിൻസിപ്പാളിന്റെ 08.09.2023 തീയതിയിലെ ITI-CHTP/818/2023-B2 നമ്പർ കത്ത് .

**ഉത്തരവ് നമ്പർ: DT/3166/2023-A9 തീയതി: 05-10-2023**

ചന്ദനത്തോപ്പ് ഐ.ടി.ഐ യിലെ സ്റ്റോർ അറ്റൻഡർ ശ്രീ.രാജീവ്.എ യ്ക്ക് പരാമർശം (1) പ്രകാരം 2023 വർഷത്തെ പൊതുസ്ഥലം മാറ്റത്തിൽ കട്ടപ്പന ഐ.ടി.ഐ യിലേയ്ക്ക് സ്ഥലം മാറ്റം അനുവദിച്ചിരുന്നു. എന്നാൽ , ടിയാന്റെ മാതാവ് കടുത്ത പ്രമേഹ രോഗത്തെ തുടർന്നു കൊട്ടാരക്കര ഡോ.മുരളീസ് മെഡിക്കൽ സെന്ററിൽ ചികിത്സയിലാണെന്നും , ആയതിനാൽ ടിയാന്റെ സാനിധ്യം അത്യാവശ്യമാണെന്നും, മേൽ വസ്തുതകൾ പരിഗണിച്ച് പരാമർശം (1) പ്രകാരം അനുവദിച്ച സ്ഥലം മാറ്റം റദ്ദ് ചെയ്യാനും, ചന്ദനത്തോപ്പ് ഐ.ടി.ഐ യിൽ നിലനിർത്തുന്നതിനും പരാമർശം (2) പ്രകാരം ടിയാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

വകുപ്പിൽ സ്റ്റോർ അറ്റൻഡർ തസ്തികയിൽ 2023 വർഷത്തിൽ പൊതുസ്ഥലം മാറ്റത്തിനായി സമർപ്പിച്ച എല്ലാ അപേക്ഷകളും പരാമർശം (1) പ്രകാരം പരിഗണിച്ചിട്ടുണ്ട്. കൂടാതെ ചന്ദത്തോപ്പ് ഐ.ടി.ഐ യിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിനായി പൊതു സ്ഥലം മാറ്റത്തിലും, നിലവിലും അപേക്ഷകൾ ഇല്ല.

മേൽ സാഹചര്യത്തിൽ ശ്രീ.രാജീവ്.എ യുടെ അപേക്ഷ പരിഗണിച്ചും, ചന്ദത്തോപ്പ് ഐ.ടി.ഐ യിലേയ്ക്ക് സ്ഥലം മാറ്റത്തിനായി നിലവിൽ അപേക്ഷകൾ ഇല്ലാത്തതിനാലും, പരാമർശം (1) പ്രകാരം ശ്രീ.രാജീവ്.എ, സ്റ്റോർ അറ്റൻഡർ ക്ക് അനുവദിച്ച സ്ഥലം മാറ്റം റദ്ദ് ചെയ്തും, ടിയാനെ ഐ.ടി.ഐ. ചന്ദനത്തോപ്പിൽ നിലനിർത്തിയും ഇതിനാൽ ഉത്തരവാകുന്നു. മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഒപ്പ്)

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**സ്വീകർത്താവ്:-**

ശ്രീ.രാജീവ്.എ,

സ്റ്റോർ അറ്റൻഡർ, ഐ.ടി.ഐ. ചന്ദനത്തോപ്പ്

**പകർപ്പ്:-**

1. പ്രിൻസിപ്പാൾ,

ഐ.ടി.ഐ. ചന്ദനത്തോപ്പ്/കട്ടപ്പന

2. വകുപ്പ് വെബ്സൈറ്റ്

3. കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്